ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഹോമിലി വെൽഫെയർ പ്രിൻസിപ്പാൾ ആയിരുന്ന ഡോ. വി. മോഹനൻ നായർ അധ്യക്ഷനായ കമ്മീഷനെ നിയമിച്ചിരുന്നു. ടി കമ്മീഷന്റെ റിപ്പോർട്ട്, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശകളോടെ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. സർക്കാർ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ (ഡെന്റൽ ഹൈജീനിസ്റ്റുമാരുടെ ഉൾപ്പെടെ) പരിഷ്കരിക്കുന്നതിന് സർക്കാർ ശമ്പള കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്.

(ബി) പുകയില, പാൻമസാല തുടങ്ങിയവയ്ക്ക് എതിരായ ബോധവത്ക്കരണം നിലവിൽ ആരോഗ്യ വകുപ്പിലെ ഹീൽഡ് വിഭാഗം ജീവനക്കാരും മറ്റും നൽകിവരുന്നുണ്ട്.

(സി) സമഗ്ര ആരോഗ്യനയം രൂപരേഖ തയ്യാറാക്കുന്നതിന് ഡോ. ബാലരാമൻ നായർ അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

കാസർഗോഡ് ജില്ലയിലെ ഹോമിയോ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ

103 (6808) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ഹോമിയോ ഫാർമസിസ്റ്റുകളുടെ തസ്തികയാണ് കാസർഗോഡ് ജില്ലയിൽ അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും അതിൽ എത്ര എണ്ണമാണ് നിലവിൽ ഒഴിഞ്ഞുകിടക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഹോമിയോ ഫാർമസിസ്റ്റുമാരുടെ ഒഴിവുകളിലെ നിയമനം സംബന്ധിച്ച വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 21 ഹോമിയോ ഫാർമസിസ്റ്റ് തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്. അതിൽ 18 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. നിലവിലുള്ള 18 ഒഴിവുകളിൽ 14 സ്ഥാപനങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

(ബി) ഹോമിയോ ഫാർമസിസ്റ്റ് തസ്തികയിൽ 50% ഒഴിവ് പി.എസ്.സി. വഴിയും 50% പ്രൊമോഷൻവഴിയും ആണ് നികത്തുന്നത്. നിലവിലുള്ള 18 ഒഴിവുകളിൽ 5 എണ്ണം ഒഴികെ ബാക്കിയുള്ളവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്ന് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സ്ഥിരം നിയമനം നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly